# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.462    24-01-2018-ലെ മറുപടിക്ക്

**ചോദ്യം**
ശ്രീ.ഡി.കെ. മുരളി

**ഉത്തരം**
ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ബാങ്കുകൾ അധിക തുക ഈടാക്കുന്നതിനെതിരെ നടപടി**

| | | |
|---|---|---|
| (എ) | വിവിധ ബാങ്കുകൾ ഗുണഭോക്താക്കളിൽ നിന്നും ഓൺലൈൻ സേവനത്തിന്റെയും മിനിമം ബാലൻസ് ഇല്ലാത്തതിന്റെയും പേരിൽ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | പൊതുമേഖലാബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് റിസർവ്വ് ബാങ്കും ഭാരത സർക്കാരുമാണ്. അതുകൊണ്ട് ബാങ്കുകൾ അവരുടെ സേവനങ്ങൾക്ക് ഏകപക്ഷീയമായി ഏർപ്പെടുത്തുന്ന അമിതമായ ഫീസും പിഴയും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഈ വിഷയം ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് ഇത്തരം ഫീസുകളിലും ചാർജ്ജുകളിലും വരുത്തിയ വർദ്ധനവ് പിൻവലിക്കാനുള്ള നിർദ്ദേശം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ബാങ്കുകളിലെ ജീവനക്കാരുടെ അപര്യാപ്തത മൂലം സാധാരണക്കാരന് യഥാസമയം സേവനം ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. എങ്കിലും ബ്രാഞ്ചുകളുടേയും ജീവനക്കാരുടെയും എണ്ണം കുറയ്ക്കുക എന്ന നയം ബാങ്കുകൾ സ്വീകരിച്ചിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇത് ബാങ്കിംഗ് സേവനങ്ങളെ ദോഷകരമായി ബാധിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ